(എഫ്) നിർമ്മാണത്തിൽ യാതൊരുവിധ അഴിമതിയും നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

കല്ലേത്രയിൽപടി മുതൽ കട്ടിളപ്പാറവരെ കല്ലുകെട്ടി സംരക്ഷിക്കുന്നതിന് നടപടി

27 (3426) ശ്രീ. മാമ്മൻ മത്തായി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറിപടി നൽകുമോ:

(എ) തിരുവല്ലാ നിയോജകമണ്ഡലത്തിൽ മണിമലയാറിന് പടിഞ്ഞാറെക്കരയിലുള്ള കല്ലേത്രയിൽപടി മുതൽ കട്ടിളപ്പാറവരെയുള്ള ഭാഗം വെള്ളപ്പൊക്കത്താലും ശക്തമായ ഒഴുക്കിനാലും ഇടിഞ്ഞു വീഴുന്നതുമൂലം 15 ഓളം വീട്ടുകാർ ഭീഷണിയെ നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തു നടപടി സ്വീകരിച്ചു;

(ബി) പ്രസ്തുത ഭാഗം കല്ലുകെട്ടി സംരക്ഷിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ എസ്റ്റിമേറ്റ് തുക എത്ര:

(സി) പ്രസ്തുത ജോലിക്കുവേണ്ടി കേന്ദ്ര സർക്കാരിൽ നിന്നും ഫണ്ട് അനുവദിക്കാമെന്ന് അറിയിച്ചിട്ടുണ്ടോ;

(ഡി) ഈ ജോലി അടിയന്തിരമായി ചെയ്യാനാവശ്യമായ നിർദ്ദേശം നല്കുമോ?

ഉത്തരം

(എ) ഉണ്ട്.

പ്രസ്തുത ഭാഗം സംരക്ഷിക്കുന്നതിനായുള്ള ഒരു പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കി വെള്ളപ്പൊക്കം ഉണ്ടാകുന്ന നദികളുടെ സംരക്ഷണത്തിനായുള്ള കേന്ദ്ര പദ്ധതിയിൽപ്പെടുത്തി അനുമതിയ്ക്കായി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. ഒരു കോടി പത്തുലക്ഷം രൂപ.

(സി) ഇതുവരെ അറിയിപ്പൊന്നും ലഭിച്ചിട്ടില്ല.

(ഡി) കേന്ദ്ര അനുമതി ലഭിക്കുന്ന മുറയ്ക്ക് പണി നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

കോഴിക്കോട് ബംഗ്ലാദേശ് കോളനി കടൽഭിത്തി നിർമ്മാണം

28 (3427) ശ്രീ. എം. ദാസൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ബംഗ്ലാദേശ് കോളനി കടൽഭിത്തി നിർമ്മാണത്തിന് ഭരണാനുമതി ലഭിച്ചപ്പോൾ അതിൽ ഓവുചാൽ നിർമ്മാണവും ഉൾപ്പെട്ടിരുന്നുവോ;

(ബി) ഓവുചാൽ ഒഴിവാക്കിയാണോ നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നതെന്ന് വിശദമാക്കുമോ;

(സി) എങ്കിൽ കാരണം വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഓവുചാൽ നിർമ്മാണം ഒഴിവാക്കുന്നതിന് സർക്കാർ അംഗീകാരം നല്കിയിട്ടുണ്ടോ എന്ന് വിശദമാക്കുമോ;

(ഇ) ഓവുചാൽ വന്നുചേരുന്ന ഭാഗത്ത് 11 മീറ്റർ ഒഴിവാക്കി ഭിത്തി നിർമ്മിച്ചാൽ വർഷകാലത്തെ ശക്തിയായ ഒഴുക്കുകാരണം ഭിത്തി തകർന്നു പോകുവാൻ സാധ്യതയുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ;

(എഫ്) ഇത് തടയുന്നതിനാവശ്യമായ എന്ത് നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ;

(ജി) ഈ പ്രവൃത്തിക്ക് ഭരണാനുമതി ലഭിച്ച പ്രകാരം ഓവുചാൽ നിർമ്മിക്കുമോ?

ഉത്തരം

(എ) ഉൾപ്പെട്ടിരുന്നു.

(ബി) ഓവുചാൽ ഒഴിവാക്കിയാണ് നിർമ്മാണപ്രവർത്തനം നടത്തുന്നത്.

(സി) കടൽഭിത്തി നിർമ്മാണവും ഓവുചാൽ നിർമ്മാണവും വ്യത്യസ്ത രീതിയിലുള്ള പ്രവൃത്തികൾ ആയതിനാലാണ് ഓവുചാൽ നിർമ്മാണപ്രവൃത്തികൾ ഒഴിവാക്കിയത്.

(ഡി) ഓവുചാൽ പണി ടെർഡറിൽനിന്ന് ഒഴിവാക്കുന്നതിന് സർക്കാരിന്റെ അനുമതി ആവശ്യമില്ല.

(ഇ)-(ജി) ഓവുചാൽ പ്രത്യേകമായി നിർമ്മിച്ചിട്ടില്ല എങ്കിലും പ്രസ്തുത പ്രദേശത്ത് കടൽഭിത്തിയിൽ ഒഴിച്ചിട്ടിരിക്കുന്ന സ്ഥലത്തുകൂടി വെള്ളം കടലിൽ നിപതിക്കുന്നതാണ്. ഇതിലേക്കായി പ്രസ്തുത ഭാഗത്ത് ഓവുചാൽ പണികൾ നടപ്പിലാക്കുവാനുള്ള അനന്തരനടപടികൾ സ്വീകരിച്ചു വരുന്നു.

കുര്യാർകുറ്റി-കാരപ്പാറ ജലസേചന പദ്ധതി

29 (3428)ശ്രീ. ടി.എം. ജേക്കബ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുര്യാർകുറ്റി-കാരപ്പാറ ജലസേചന പദ്ധതിയുടെ കനാൽ നിർമ്മാണം പുനരാരംഭിക്കുവാൻ ഹൈക്കോടതിയിൽ നിന്നും എന്തെങ്കിലും നിർദ്ദേശം സർക്കാരിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ബി) ഈ പ്രോജക്ടിന്റെ ജലസേചനവിഭാഗത്തിന് വനംപരിസ്ഥിതി മന്ത്രാലയത്തിന്റെ ക്ലിയറൻസ് ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ്; ഇതിന്റെ ഒരു പകർപ്പു ലഭ്യമാക്കുമോ;

(സി) സി.ഡബ്ല്യൂ.സി. പദ്ധതിയെ സംബന്ധിച്ച് എന്ത് നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) സി.ഡബ്ല്യൂ.സി. ഒരു സ്റ്റാറ്റ്യൂട്ടറി ബോഡി ആണോ; ഇതിന്റെ സ്റ്റാറ്റസ് എന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ക്ലിയറൻസ് ലഭിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly